**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **01.11.2019 ൽ മറുപടിയ്ക്ക്**

## സ്വകാര്യ ബസ്സുകളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ<br>,, എം. സ്വരാജ്<br>,, രാജു എബ്രഹാം<br>,, എ പ്രദീപ്കുമാർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | യാതൊരു മാനദണ്ഡങ്ങളും പാലിയ്ക്കാതെ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫോഴ്സ്മെന്റ്) എന്നിവരുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവരിൽ നിന്നും പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | സ്വകാര്യ ബസുകളുടെ അമിതവേഗത മൂലം നിരവധി അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ സ്വകാര്യ ബസുകളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. വാഹന പരിശോധന സമയത്തും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഇതിന്റെ കാര്യക്ഷമത പരിശോധിക്കുന്നുണ്ട്. |
| (സി) | സമയക്രമം പാലിക്കാതെ ഓടുന്നതും റൂട്ട് ഓടാതെ ട്രിപ്പ് കട്ട് ചെയ്യുന്നതും വിദ്യാർത്ഥികളെ കയറ്റാതിരിക്കുന്നതുമായ സ്വകാര്യ ബസുകളെ കണ്ടെത്തുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നത്; | (സി) & (ഡി) | ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തി തടയുന്നതിനായി പരിശോധന നടത്തുന്നുണ്ട്. നിയമലംഘനങ്ങളും ക്രമക്കേടുകളും കണ്ടെത്തുന്ന വാഹനയുടമകൾക്കെതിരെ പിഴയീടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്ന ബസ് ജീവനക്കാരുടെ ഡ്രൈവിംഗ് ലൈസൻസ്, കണ്ടക്ടർ ലൈസൻസ് മുതലായവ സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന സ്വകാര്യ ബസുകളുടെ ഉടമകൾക്കെതിരെ എന്തെല്ലാം ശക്തമായ നിയമനടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**